# എ.എം.എൽ.പി സ്ക്കൂൾ കാരക്കാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

| | |
|---|---|
| സ്ക്കൂളിന്റെ പേര് | : എ.എം എൽ. പി.സ്ക്കൂൾ കാരക്കാട്. |
| വില്ലേജ് /വാർഡ് | : മാറഞ്ചേരി/ഒന്നാം വാർഡ്. |
| സി ആർ സി | : പുറങ്ങ്. |
| പഞ്ചായത്ത് | : മാറഞ്ചേരി. |
| ബ്ലോക്ക് | : പെരുമ്പടപ്പ്. |
| ജില്ല | : മലപ്പുറം |
| വിദ്യാഭ്യാസജില്ല | : തിരൂർ. |
| ഉപജില്ല | : പൊന്നാനി. |
| പ്രധാനാധ്യാപകൻ | : അബ്ദുൽ ജബ്ബാർ. |
| ഫോൺ | : 09995613568-0494,26720223. |

## അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | ആകെ അദ്ധ്യാപകർ | | | റിമാർക്ക് |
|---|---|---|---|---|
| | ആൺ | പെൺ | ആകെ | |
| H.M | 1 | 0 | 1 | |
| L.P.S.A | 1 | 2 | 3 | |
| Arabic Flt | 0 | 1 | 1 | |
| Total | 2 | 3 | 5 | |

## കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | | | പട്ടികജാതി കുട്ടികൾ | OBC + മുസ്ലീം കുട്ടികൾ | പ്രത്യേക പരിഗണന ആവശ്യമുള്ളവർ | റിമാർക്ക് |
|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | | | | |
| I | 9 | 7 | 16 | 2 | 14 | | |
| II | 9 | 12 | 21 | 1 | 20 | | |
| III | 17 | 10 | 27 | 3 | 24 | 1 | |
| IV | 14 | 9 | 23 | 3 | 20 | | |
| ആകെ | 49 | 38 | 87 | 9 | 78 | | |

ആമുഖം:-

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ഒന്നാം വാർഡിൽ പത്തൊൻപതാം വാർഡിനോട് ചേർന്ന് ബിയ്യം കായലരികത്താണ് എ.എം.എൽ.പി സ്ക്കൂൾ കാരക്കാട് എന്ന ഈ കൊച്ചു വിദ്യാലയം നിലകൊള്ളുന്നത്. പ്രീ പ്രൈമറി ക്ലാസ് മുതൽ നാലാം ക്ലാസ് വരെ പ്രവർത്തിച്ചു വരുന്ന ഈ വിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികളിൽ ബഹുഭൂരിപക്ഷവും പിന്നോക്ക വിഭാഗത്തിൽപ്പെട്ട മുസ്ലിം, പട്ടികജാതി വിഭാഗം കുട്ടികളാണ്. ഈ പ്രദേശത്തെ സാധാരണക്കാരായ ആളുകൾക്ക് ആശ്രയമായ ഏക പൊതു വിദ്യാലയമെന്ന നിലക്ക് ഈ പ്രദേശത്തിന്റെ സാമൂഹികവും സാംസ്ക്കാരികവുമായ വളർച്ചയിൽ നിർണായകമായ പങ്കുവഹിക്കാൻ കാരക്കാട് എ.എം.എൽ.പി സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഒരുപാട് പരിമിതികൾ നമ്മുടെ ഈ കൊച്ചു വിദ്യാലയം നേരിടുന്നുണ്ട്. സാമൂഹികമായ പങ്കാളിത്തത്തോടെ ഈ പരിമിതികളെ മറികടന്ന് ആസൂത്രിതവും ക്രിയാത്മകവുമായ പ്രവർത്തനങ്ങൾ ആവിശ്കരിച്ച് നടപ്പിലാക്കിക്കൊണ്ട് എല്ലാ അർത്ഥത്തിലും മികവുറ്റ ഒരു വിദ്യാലയമായി മാറുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്.

ചരിത്ര വഴികളിലൂടെ :-

1960 മുതൽ കാഞ്ഞിരമുക്ക് അത്താണി പ്രദേശത്തെ കാരക്കാട് എന്ന സ്ഥലത്ത് നിലനിന്നിരുന്ന ഈ വിദ്യാലയം തകർച്ചയുടെ വക്കിലെത്തിയപ്പോൾ അന്നത്തെ നാട്ടുകാരിൽ ചിലർ സ്ഥലത്തെ സാമൂഹിക സ്നേഹിയായ പി. അബ്ദുഹാജി എന്ന വ്യക്തിയോട് സ്ഥാപനം ഏറ്റെടുക്കാൻ താൽപര്യപ്പെടുകയും അദ്ദേഹം അതിന് സമ്മതിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 1975 ജൂൺ മുതൽ ഇപ്പോഴത്തെ സ്ഥലത്ത് ഈ സ്ഥാപനം പി.അബ്ദുഹാജിയുടെ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. പിന്നോക്കാവസ്ഥയിലുള്ള ഈ പ്രദേശത്തിന് ഒരു അനുഗ്രഹമായി ഈ സ്ഥാപനം നിലകൊള്ളുന്നു.

അക്കാദമിക വികസന പദ്ധതി :- ലക്ഷ്യങ്ങൾ

കാരക്കാട് എ.എം.എൽ.പി സ്കൂളിലെ ഒന്ന് മുതൽ നാല് വരെ ക്ലാസുകളിലെ മുഴുവൻ കുട്ടികളുടെയും സമഗ്രമായ വികസനം ലക്ഷ്യമാക്കുന്നതാണ് ഈ പദ്ധതി. അധ്യാകരുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും ക്രിയാത്മകമായ പ്രവർത്തനങ്ങളുടെ ഏകോപനത്തിലൂടെ മികവുറ്റതും നല്ല സാമൂഹിക ബോധവുമുള്ള പൗരൻമാരെ വാർത്തെടുക്കുകയെന്ന വലിയ ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

## അക്കാദമിക മാസ്റ്റർ പ്ലാൻ

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | പ്രവർത്തന ക്രമം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| | നല്ല വായന | *കുട്ടികളെ മികച്ച വായനക്കാരാക്കുക.<br><br>* വായനാ ശീലം വളർത്തുക | * വായന-വിലയിരുത്തൽ എ<br>ല്ലാ ക്ലാസിലും നടത്തുക<br><br>* വായനയിലെ മികച്ചവരെയും<br>പിന്നോക്കം നിൽക്കുന്നവരെയും<br>കണ്ടെത്തി അവർക്കാവശ്യമായ<br>വായന സാമഗ്രികൾ സജ്ജീകരി<br>ക്കൽ<br><br>*എല്ലാ ദിവസവും 15 മിനിറ്റ്<br>സമയം വായനപ്രവർത്തനത്തി<br>നായി മാറ്റി വെക്കുക.<br><br>*കൃത്യമായി വിലയിരുത്തുക.<br><br>*ക്ലാസ് P T A യിൽ വായന<br>പ്രവർത്തനങ്ങൾ പരിചയപ്പെ<br>ടുത്തൽ | ജൂൺ മാസം മുതൽ<br>ഫെബ്രുവരി മാസം<br>വരെ | അതാത് ക്ലാസ്<br>അധ്യാപികമാർ<br>തന്നെ പ്രവർത്ത<br>നങ്ങൾക്ക് നേതൃ<br>ത്വം നൽകുന്നു.<br>കൃത്യമായി അവ<br>ലോകനം<br>ചെയ്തുവെക്കു<br>ന്നു. |

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തന രീതി | സമയ ക്രമം | [illegible] |
|---|---|---|---|---|---|
| | വായന | അർത്ഥപൂർണ്ണമായ വായന | പത്രം, മാസികകൾ, ചെറുകഥാ, കവിതാ പുസ്തകങ്ങൾ വായന | ജൂൺ 18 | |
| | കുറിപ്പ് തയ്യാറാക്കൽ (എഴുത്ത്) | വായന ആഴത്തിലറിയുക | വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കി അസംബ്ലിയിലും ബാലസഭയിലും വായിക്കുന്നു | ജൂൺ 18 To ഡിസംബർ 18 | |
| | ചിഹ്നങ്ങൾ ഉറപ്പിക്കൽ | ചിഹ്നങ്ങൾ വേണ്ട വിധം വേണ്ട സ്ഥലത്ത് ഉപയോഗിക്കുന്നു | പ്രത്യേക പരിശീലന മോഡ്യൂൾ തയ്യാറാക്കി പരിശീലനം നടത്തുന്നു. തുടർച്ചയായി അവലോകനവും മൂല്യനിർണ്ണയവും നടത്തുന്നു. | | |
| | പതിപ്പ് തയ്യാറാക്കൽ | സർഗ്ഗാത്മക ശേഷി വികസനം ക്ലാസ്തല പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | ഓരോ യൂണിറ്റിലേയും പ്രധാന ശേഷികളുടെ ക്ലാസ്തല പ്രവർത്തന ഫലമായുണ്ടാകുന്ന ഉത്പന്നങ്ങൾ പതിപ്പുകളാക്കി മാസാന്ത്യം പിടിഎയിൽ പ്രദർശനം | ജൂൺ 18 To മാർച്ച് 19 | |

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | പ്രവർത്തന ക്രമം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| | എഴുത്തുക്കൂട്ടം | * എല്ലാ കുട്ടികളിലും സ്വതന്ത്രമായി എഴുതുവാനുള്ള ശേഷി വികസിപ്പിക്കുക<br>* കുട്ടികളെ മികച്ച എഴുത്തുകാരാക്കുക<br>* ക്ലാസ്തലത്തിൽ പതിപ്പുകൾ രൂപീകരിക്കുക. | * പുസ്തകം പരിചയപ്പെടൽ<br>* പുസ്തക ചർച്ച<br>* വായന കുറിപ്പ് തയ്യാറാക്കൽ<br>* കഥയെഴുതാം<br>* കവിതയെഴുത്ത്<br>* പതിപ്പ് നിർമ്മാണം | ആഗസ്റ്റ് മാസം മുതൽ ഫെബ്രുവരി മാസം വരെ. | ക്ലാസ് അധ്യാപകർ.. |

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തന രീതി | സമയ ക്രമം | [illegible] |
|---|---|---|---|---|---|
| | കയ്യെഴുത്ത് മത്സരം | (കയ്യെഴുത്ത്) നല്ല എഴുത്ത് പ്രോത്സാഹിപ്പിക്കൽ | ക്ലാസിൽ മാസത്തിൽ ഒരിക്കൽ കയ്യെഴുത്ത് മത്സരം. സ്കൂളിൽ വീണ്ടും മത്സരം നടത്തുന്നു. വിജയികൾക്ക് സമ്മാനം | ജൂൺ 18 To മാർച്ച് 19 | [illegible] |
| | കഥാ, കവിത കൂട്ടം | സർഗ്ഗാത്മക ശേഷി വളർച്ച | ക്ലാസ്റൂം പ്രവർത്തനങ്ങളിൽ നിന്നും ഉരുത്തിരിയുന്ന കഥ, കവിത എന്നിവ മാസം തോറും മാസികയാക്കുന്നു. വർഷാവസാനം വാർഷിക പതിപ്പാക്കുന്നു | ജൂൺ 18 To മാർച്ച് 19 | [illegible] |

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനക്രമം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| | Lss പരിശീലനം | * പഠനത്തിൽ മികച്ച നാലാം ക്ലാസ്സ് കുട്ടികളെ മത്സരപരീക്ഷകൾക്ക് സജ്ജരാക്കൽ. | *പഠനത്തിൽ മികച്ച കുട്ടികളെ കണ്ടെത്തുക.<br>* തിരഞ്ഞെടുത്ത കുട്ടികൾക്ക് വിഷയാടിസ്ഥാനത്തിൽ പരിശീലനം<br>* പഴയ ചോദ്യപേപ്പറുകൾ വർക്കുഷീറ്റുകൾ എന്നിവ ലഭ്യമാക്കുക. ശനിയാഴ്ചകളിൽ പ്രത്യേകപരിശീലനം | ഡിസംബർ മാസം മുതൽ<br>എല്ലാ ദിവസവും 3.45 മുതൽ 4.45 വരെ. | നാലാം ക്ലാസ്സ് അധ്യാപകർ |

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | പ്രവർത്തന ക്രമം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| | ഐ ടി ലാബ് സജ്ജീകരിക്കൽ | * ഐ . സി . ടി സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി പാഠഭാഗങ്ങളുടെ അവതരണം.<br>*എല്ലാവർക്കും I T പഠനം സാധ്യമാക്കുക<br>*ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുക. | *മുഴുവൻ അധ്യാപകരും I T പഠനം നേടുക.<br>*ലഭ്യമായ കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കുക.<br>*പാഠഭാഗങ്ങളിലെ I T സാധ്യതയുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക | | ക്ലാസ് അധ്യാപകർ |

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനക്രമം | കാലയളവ് | ചുമതല |
|---|---|---|---|---|
| പച്ചക്കറികൃഷി | * ഗണിതം,പരിസരപഠനം, എന്നിവയുടെ പഠനനേട്ടങ്ങൾ ഉറപ്പിക്കുന്നതിന് കൃഷി പ്രയോജനപ്പെടുത്തുക.<br>* കൃഷിയോട് അഭിമുഖം ഉണ്ടാക്കുക<br>* വിദ്യാലയത്തിലെ കൃഷിയെ വീടുമായി ബന്ധിപ്പിക്കുക. | * കൃഷിയുമായി ബന്ധിപ്പിക്കാവുന്ന പാഠഭാഗങ്ങൾ മുൻകൂട്ടി കണ്ടെത്തുക.<br>* കർഷകസേന രൂപീകരിക്കുക.<br>* കൃഷിയുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ കുട്ടികൾക്കും,രക്ഷിതാക്കൾക്കും സംഘടിപ്പിക്കുക.<br>* കൃഷിക്കാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുകയും,പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുക. | നവംബർ മുതൽ മാർച്ച് മാസം വരെ.<br>* | ചുമതലയുള്ള അദ്ധ്യാപകർ. |

## മലയാളം.

| മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന | * വായനാ കാർഡുകൾ - ക്ലാസ് തലത്തിൽ സജ്ജീകരണം.<br>* വായനാ വിലയിരുത്തൽ നടത്തി കുട്ടികളുടെ നിലവാരം രേഖപ്പെടുത്തൽ<br>* രക്ഷിതാക്കളുടെ സഹായത്തോടെ വായന വികസിപ്പിക്കൽ<br>* IT സാധ്യതകൾ കണ്ടെത്തൽ | ജൂൺ | SRG<br>അധ്യാപകർ | |
| എഴുത്ത് | * ലേഖന പ്രവർത്തനങ്ങൾ വിലയിരുത്തൽ<br>* വായിച്ച കഥകളിൽ നിന്ന് ചോദ്യങ്ങൾ നിർമ്മിക്കൽ<br>* ക്ലാസ് തല പതിപ്പുകൾ തയ്യാറാക്കൽ | | | |

ഗണിതം

| മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സ്വീകാര്യത |
|---|---|---|---|---|
| സംഖ്യാബോധം | * 1,2,34.... <br> * 1,3,57.... <br> * 10,20,30,40... <br> * 5,10,15,20 <br> തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം ഉറപ്പാക്കൽ <br> * ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും ലഭിക്കുന്നു എന്ന തിരിച്ചറിവ്. | ജൂൺ ജൂലൈ | ക്ലാസ് അധ്യാപകർ | |
| ഗണിത കിറ്റ് ഉപകരണങ്ങൾ | ഗണിത കിറ്റ് സംഘടിപ്പിക്കൽ നിർമ്മാണം | July | അധ്യാപകർ SRG | |

# ഗണിതം.

| മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാക്ഷ്യം |
| --- | --- | --- | --- | --- |
| സങ്കലനം വ്യവകലനം | * ഗണിതത്തിലെ അടിസ്ഥാന ക്രിയകളായ സങ്കലനം, വ്യവകലനം ഗുണനം എന്നിവ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തൽ | ജൂൺ മാർച്ച് | അധ്യാപകൻ | |
| | | | | |

| മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാ കായികം | * ചിത്ര രചനാ മത്സരങ്ങൾ- ദിനാചരണത്തോടനുബന്ധിച്ചും മറ്റുമായി മാസത്തിൽ ഒരു പ്രവർത്തനം. | ജൂൺ - മാർച്ച് | അന്ന്യ, ചരൺ. | |
| | * സുംബ ഡാൻസ്- മിസ് അന്ന്യയുടെ നേതൃത്വത്തിൽ വ്യായാമമുറകൾ പരിശീലിക്കൽ. | | | |
| | * Sports kit- സജ്ജീകരിക്കൽ. | | | 2000 |
| | * യോഗ ക്ലാസുകൾ- കുട്ടികൾക്ക് ഉപകാരമായ അറിവുകൾ കൈമാറണം. | | | |